Draft #32 of File 3272/1/2019/Election Approved by JOINT REGISTRAR II (ADMIN) on 16-Nov-2019 11:19 AM - Page 1

# മഹാത്മാഗാന്ധി സർവ്വകലാശാലാ യൂണിവേഴ്സിറ്റി യൂണിയൻ തെരഞ്ഞെടുപ്പ് 2018–19

## വോട്ടർമാർ അറിഞ്ഞിരിക്കേണ്ട വസ്തുതകളും പാലിക്കേണ്ട നിർദ്ദേശങ്ങളും

01. സർവ്വകലാശാലയോട് അഫിലിയേറ്റ് ചെയ്തിട്ടുള്ള വിവിധ കോളേജുകളിലെയും, സർവ്വകലാശാലയുടെ വിവിധ പഠന വകുപ്പുകൾ/സെൻററുകൾ എന്നിവിടങ്ങളിലെയും വിദ്യാർത്ഥികളിൽ നിന്നും ഓരോ വർഷവും സർവ്വകലാശാലാ യൂണിയൻ കൗൺസിലർമാരായി തെരഞ്ഞെടുക്കപ്പെട്ട വിദ്യാർത്ഥി പ്രതിനിധികൾ അടങ്ങിയ **'ജനറൽ കൗൺസിൽ'** രൂപീകരിക്കപ്പെടുന്നു. ഇതിൽ നിന്നും ഭരണ സമിതിയായ **'യൂണിവേഴ്സിറ്റി യൂണിയൻ'** രൂപീകരിക്കപ്പെടുന്നു. തദനുസരണം എല്ലാ വർഷവും യൂണിയൻ ഭാരവാഹികൾ, എക്സിക്യൂട്ടിവ് കമ്മിറ്റി അംഗങ്ങൾ, അക്കൗണ്ട്സ് കമ്മിറ്റി അംഗങ്ങൾ എന്നീ സ്ഥാനങ്ങളിലേയ്ക്കുള്ള തെരഞ്ഞെടുപ്പ് നടത്തപ്പെടുന്നു. ഇതിനായി സർവ്വകലാശാലാ ആക്ട് 1985 അദ്ധ്യായം 6 സെക്ഷൻ 43 അനുശാസിക്കും പ്രകാരം **ആനുപാതിക പ്രാതിനിധ്യ രീതിയാണ്** (Proportional Representation) അവലംബിക്കേണ്ടത് എന്നതിനാൽ **മുൻഗണനാ വോട്ടിങ് സമ്പ്രദായമാണ്** (Preferential Voting System) അനുവർത്തിച്ച് വരുന്നത്.

02. മുൻഗണനാ വോട്ടിങ് സമ്പ്രദായപ്രകാരം സമ്മതിദായകർ ഓരോ സ്ഥാനാർത്ഥിക്ക് വേണ്ടിയും തങ്ങളുടെ വോട്ട് മുൻ ഗണനാക്രമത്തിൽ 1,2,3... എന്നിങ്ങനെ സ്ഥാനാർത്ഥികളുടെ പേരിന് നേരെ അടയാളപ്പെടുത്തേണ്ടതാണ്.

03. മുൻഗണനാക്രമം രേഖപ്പെടുത്തുന്നതിനായി അറബി അക്കങ്ങളായ **1,2,3**....എന്നിവ മാത്രമേ ഉപയോഗിക്കുവാൻ പാടുള്ളൂ. റോമൻ അക്കങ്ങളോ (I,II,III..), ക്രോസ് (X), ടിക് (✓) മുതലായ അടയാളങ്ങളോ രേഖപ്പെടുത്തുവാൻ പാടുള്ളതല്ല.

04. ക്രമം മുറിഞ്ഞ് മുൻഗണന അടയാളപ്പെടുത്തിയിട്ടുള്ള ബാലറ്റ് പേപ്പറുകളിൽ ക്രമം മുറിഞ്ഞത് വരെയുള്ള മുൻഗണനകൾ മാത്രമാണ് സ്വീകരിക്കപ്പെടുക. ശേഷിച്ച അടയാളപ്പെടുത്തലുകൾ മുൻഗണനാ വോട്ടുകളായി പരിഗണിക്കപ്പെടുന്നതല്ല.

05. എന്നാൽ മുൻഗണനാക്രമം ബാധകമല്ലാത്തതായ **'മേൽ പറഞ്ഞവർ ആരും അല്ല'** എന്ന കോളത്തിന് നേരെ വോട്ട് രേഖപ്പെടുത്തുന്നതിനായി ക്രോസ് (X) അടയാളമോ ടിക് (✓) അടയാളമോ മാത്രമേ ഉപയോഗിക്കുവാൻ പാടുള്ളു. ഇത്തരത്തിൽ വോട്ട് രേഖപ്പെടുത്തുന്ന പക്ഷം അതിന് മുകളിലുള്ള കോളങ്ങളിൽ മുൻഗണനാ അക്കങ്ങൾ അടയാളപ്പെടുത്തിയാലും ടി ബാലറ്റ് പേപ്പർ അസാധുവായി കണക്കാക്കപ്പെടുന്നതാണ്

06. സർവ്വകലാശാലാ സ്റ്ററ്റ്യൂട്ട്സ് 1997 അദ്ധ്യായം 44 വകുപ്പ് 51 പ്രകാരം താഴെ പറയുന്ന സന്ദർഭങ്ങളിൽ ബാലറ്റ് പേപ്പറുകൾ തിരസ്കരിക്കപ്പെടുന്നതാണ്:

(ക) വോട്ട് രേഖപ്പെടുത്തിയ ബാലറ്റ് പേപ്പറിൽ വരണാധികാരിയുടെയൊ ഉപവരണാധികാരിയുടെയൊ കൈയ്യൊപ്പ് ഇല്ലാത്ത പക്ഷം.
(ഖ) തന്നെ തിരിച്ചറിയത്തക്ക രീതിയിൽ ഒരു സമ്മതിദായകൻ ബാലറ്റ് പേപ്പറിൽ ഒപ്പ് ചാർത്തുകയൊ, ഏതെങ്കിലും വാക്ക് എഴുതുകയൊ, എന്തെങ്കിലും തരത്തിലുള്ള അടയാളം ഇടുകയൊ ചെയ്യുന്ന പക്ഷം.
(ഗ) ഒന്നാം മുൻഗണനയുടെ പ്രതീകമായ '1' എന്ന അക്കം ഒരു സ്ഥാനാർത്ഥിക്ക് വേണ്ടിയും അടയാളപ്പെടുത്താത്ത പക്ഷം
(ഘ) ഒന്നിലധികം സ്ഥാനാർത്ഥികൾക്ക് ഒരേ മുൻഗണന നൽകിയിരിക്കുന്ന പക്ഷം; അല്ലെങ്കിൽ സമ്മതിദായകൻ ഉദ്ദേശിക്കുന്ന മുൻഗണനാക്രമം വ്യക്തമാകാത്ത രീതിയിൽ അക്കങ്ങൾ അടയാളപ്പെടുത്തിയിരിക്കുന്ന പക്ഷം.
(ങ) ഒരു സ്ഥാനാർത്ഥിയുടെ പേരിന് നേരെ ഒന്നിലധികം മുൻഗണനാ അക്കങ്ങൾ രേഖപ്പെടുത്തിയിരിക്കുന്ന പക്ഷം.

07. അന്തിമ വോട്ടർ പട്ടികയിൽ പേര് ചേർക്കപ്പെട്ട എല്ലാ അംഗങ്ങളുടെ പേരിലും സർവ്വകലാശാല തിരിച്ചറിയൽ കാർഡുകൾ തയ്യാറാക്കി അതത് കോളേജ് പ്രിൻസിപ്പൽമാർക്ക് അയച്ച് കൊടുത്തിട്ടുണ്ട്. വോട്ട് ചെയ്യാൻ ആഗ്രഹിക്കുന്ന സമ്മതിദായകർ തങ്ങളുടെ കാർഡുകൾ കോളേജുകളിൽ നിന്നും ശേഖരിക്കുകയും തെരഞ്ഞെടുപ്പ് ദിവസം പോളിംഗ് ഉദ്യോഗസ്ഥരുടെ മുൻപിൽ ഹാജരാക്കുകയും ചെയ്യേണ്ടതാണ്. മേൽ പറഞ്ഞ തിരിച്ചറിയൽ കാർഡ് ഹാജരാക്കാത്ത ആരെയും വോട്ട് രേഖപ്പെടുത്തുവാൻ അനുവദിക്കുന്നതല്ല.

08. തിരിച്ചറിയൽ കാർഡുകൾ ശേഖരിച്ച ശേഷം അവ നഷ്ടപ്പെട്ട സമ്മതിദായകർ കോളേജ് പ്രിൻസിപ്പലിൻെറ സാക്ഷ്യപത്രത്തോടെ, 150 രൂപ ഫീസ് ഒടുക്കിയതിൻെറ തെളിവ് സഹിതം, തെരഞ്ഞെടുപ്പ് വരണാധികാരി മുൻപാകെ അപേക്ഷിക്കുന്ന പക്ഷം ഡ്യൂപ്ലിക്കേറ്റ് തിരിച്ചറിയൽ കാർഡുകൾ നൽകുന്നതാണ്. എന്നാൽ ഡ്യൂപ്ലിക്കേറ്റ് തിരിച്ചറിയൽ കാർഡുകൾ കൈപ്പറ്റിയ സമ്മതിദായകരുടെ ഒറിജിനൽ കാർഡുകളുടെ സാധുത അതോടെ നഷ്ടപ്പെടുന്നതും അവ പോളിംഗ് ആവശ്യത്തിനായി അസ്വീകാര്യമായിരിക്കുന്നതുമാണ്.

09. തിരിച്ചറിയൽ കാർഡുകൾ അതത് കോളേജുകളിൽ നിന്നും ശേഖരിക്കാത്ത അംഗങ്ങൾക്ക് യാതൊരു കാരണവശാലും ഡ്യൂപ്ലിക്കേറ്റ് തിരിച്ചറിയൽ കാർഡുകൾ നൽകുന്നതല്ല.

10. വോട്ടെടുപ്പ് ദിവസമായ 28.11.2019 ന് ഡ്യൂപ്ലിക്കേറ്റ് തിരിച്ചറിയൽ കാർഡിനുള്ള അപേക്ഷകൾ സ്വീകരിക്കുകയോ കാർഡുകൾ നൽകുകയോ ചെയ്യുന്നതല്ല.

**16.11.2019**

പി.ഡി. ഹിൽസ്

**വരണാധികാരി**